കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **ഇരിക്കൂർ** മണ്ഡലം- രണ്ടു പ്രോജക്ടുകൾക്കായി ആകെ അടങ്കൽ തുകയായ 70 ലക്ഷം രൂപയ്ക്ക്-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1470/17/തസ്വഭവ തിരുവനന്തപുരം, തീയതി :08.05.2017

---

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2. 29/03/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി5-2696/സി.ഇ /തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**ഇരിക്കൂർ** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ.കെ.സി.ജോസഫ്** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർക്കുന്ന രണ്ടു പ്രോജക്ടുകൾക്കായി ആകെ അടങ്കൽ തുകയായ **70 ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം )** ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

1. പ്രോജക്റ്റ് ഐ.ഡി.1814 കാലാങ്കി ഗവ.എൽ.പി.സ്കൂളിന് കെട്ടിട നിർമ്മാണം ഉളിക്കൽ പഞ്ചായത്ത്(30 ലക്ഷം)
2. പ്രോജക്റ്റ് ഐ.ഡി.1835 ഇരിക്കൂർ ഗവൺമെന്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഒന്നാംനില പണിയൽ -ഇരിക്കൂർ പഞ്ചായത്ത് (40 ലക്ഷം)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **ഇരിക്കൂർ** മണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. കെ.സി.ജോസഫ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ രണ്ടു പ്രോജക്ടുകൾക്കായി ആകെ അടങ്കൽ തുകയായ **70 ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം )** വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.പ്രോജക്റ്റ് ഐ.ഡി.1835 ഇരിക്കൂർ ഗവൺമെന്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഒന്നാംനില പണിയൽ എന്ന പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനു മുമ്പായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും Structural Stability Certificate ഉറപ്പുവരുത്തേണ്ടതാണ്.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി. എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ. മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, ഉളിക്കൽ ഗ്രാമപഞ്ചായത്ത് / ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് (അ.നം.1089819/എൻ.സി.സി.3/16/ധന തീയതി: 20.04.2017 )

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം